Draft #2 of File 40324/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2021 10:31 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഓൺലൈൻ പരീക്ഷയും ക്ലാസ്സുകളും സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേനെ ലഭിച്ച അപേക്ഷ -ശിപാർ ശകൾ ക്കായി സിൻഡിക്കേറ്റ് സബ് കമ്മിറ്റിയായ അക്കാഡമിക് അഫയേഴ്‌സിന് സമർപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2801/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2021

---

*പരാമർശം:*-1.ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നും ലഭിച്ച കത്ത് നം. ബി1/150/2020/Hedn തീയതി. 13.08.2020

2. 06.03.2021 -ൽ കൂടിയ അക്കാദമിക കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.49/40324/ACA1-1/2020/ACAD

3. 24.05.2021 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (21.02) ഇനം.നം.01/21.02/210040 ആയി സമർപ്പിച്ച തീരുമാനം.

**ഉത്തരവ്**

ഓൺലൈൻ ക്ലാസ്സുകളും പരീക്ഷയും സംബന്ധിച്ച് കേരള അൺഎയ്‌ഡഡ് കോളേജ് പ്രിൻസിപ്പൽസ് കൌൺസിൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ച അപേക്ഷ തുടർ നടപടികൾക്കായി പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ ലഭിച്ചിരുന്നു. ടി അപേക്ഷയിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരാമർശിച്ചിരിക്കുന്നു.

1. ഓൺലൈൻ ക്ലാസുകൾ,പരീക്ഷകൾ,കോഴ്സുകൾ എന്നിവ യുജിസി-യും വിദേശ സർവ്വകലാശാലകളും ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നാൽ കേരളത്തിലെ സർവ്വകലാശാലകളിൽ ഇവയൊക്കെ പരമ്പരാഗത സമ്പ്രദായം പിന്തുടർന്നാണ് നടത്തുന്നത്. ആയതിനാൽ ടി വിഷയത്തിൽ സർവ്വകലാശാലകൾ ഘട്ടംഘട്ടമായി പരിവർത്തനത്തിന് വിധേയമാകേണ്ടതാണ്.

2. ഡിഗ്രി,പിജി തലത്തിൽ ഇന്റേണൽ അസ്സെസ്സ്മെന്റ് എന്ന പരീക്ഷ ഘടകം ഒഴിവാക്കുന്നത് ഉചിതമായിരിക്കും, അല്ലെങ്കിൽ ഇന്റേണൽ പരീക്ഷ ഓൺലൈൻ ആയി മൾട്ടിപ്പിൾ ചോദ്യങ്ങളുപയോഗിച്ച് നടത്തുക.

3. എല്ലാ കോളേജുകളിലും കുറഞ്ഞത് 100 പേരെ ഉൾക്കൊള്ളിക്കാവുന്ന ഒരു ഓഡിയോ വിഷ്വൽ തിയേറ്റർ സംവിധാനം ഒരുക്കുക. ഒഴിവ് പീരീഡുകളിൽ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് വിദഗ്ധരുടെ ക്ലാസുകൾ,സെമിനാറുകൾ,വർക്ക്ഷോപ്പുകൾ എന്നിവ ഓൺലൈൻ ആയി കാണുവാനും സംവദിക്കുവാനുമുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് ഒരുക്കുക.

4. പ്രാക്ടിക്കൽ ക്ലാസുകൾ ഓൺലൈൻ ആയി നടത്താൻ സാധ്യമല്ല. ശാസ്ത്രീയ വിഷയങ്ങൾക്ക് അവസാനം പ്രാക്ടിക്കൽ പരീക്ഷ നടത്തുന്ന രീതി മാറ്റി പകരം ദിവസവും സാധാരണ പ്രാക്ടിക്കൽ ക്ലാസുകൾ നടത്തുകയും അതിൽ നിശ്ചിത സമയം വിദ്യാർത്ഥി സ്വന്തമായി പരീക്ഷണം നടത്തുകയും ഇത് മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിക്കുകയും ചെയ്യുക.

5. മൂല്യനിർണ്ണയം ഓൺലൈൻ ആക്കുക. ബാർകോഡിംഗ് രേഖപ്പെടുത്തിയ ഉത്തരക്കടലാസുകൾ ഓൺലൈനായി അധ്യാപകർക്ക് അയച്ചു നൽകി മൂല്യനിർണയം സുഗമമാക്കുക.

6. ഓൺലൈൻ ക്ലാസ്സുകൾക്ക് പരിമിതി ഉണ്ട്. വലിയ തോതിലോ പൂർണ്ണമായോ ഓൺലൈനിലേയ്ക്ക് മാറുന്നത് തുല്യനീതി നിഷേധത്തിനും ചൂഷണത്തിനും വിധേയമാകുന്നുവെന്ന് യുനെസ്കോയും യുനിസെഫും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളും ഗ്രാമങ്ങളിൽ നിന്നും വരുന്നവരാണ് .അവർക്ക് ഹൈസ്പീഡ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കണം. നേരിട്ട് മുഖാഭിമുഖം ആശയവിനിമയം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തി അദ്ധ്യാപക വിദ്യാർത്ഥി ബന്ധം ഊഷ്മളമാക്കണം

7. അദ്ധ്യയന-അദ്ധ്യാപന രംഗത്ത് മാറ്റങ്ങൾ നിർദ്ദേശിക്കുമ്പോൾ സർക്കാർ കോളേജ് മാനേജ്മെന്റുകളുമായി ചർച്ച നടത്തണം

06.03.2021ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം, പരാമർശം (2) പ്രകാരം, അപേക്ഷയിലെ നിർദ്ദേശങ്ങളിൽ തീരുമാനം ശിപാർശ ചെയ്യുന്നതിന് സിൻഡിക്കേറ്റിന്റെ സബ് കമ്മിറ്റിയായ അക്കാഡമിക് അഫയേഴ്സിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

മേൽ തീരുമാനം, പരാമർശം (3) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചു.

Draft #2 of File 40324/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2021 10:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ്.
2.സിൻഡിക്കേറ്റ് സബ് കമ്മിറ്റി, അക്കാദമിക് അഫയേഴ്സ്.
3. വി.സി/പി.വി.സി എന്നിവരുടെ പി.എസ്
4. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
5. ജെ.ആർ/ഡി.ആർ/ എ.ആർ (അക്കാദമിക്)
6. കണ്ടെന്റ് മാനേജ്മെന്റ്/അന്വേഷണ വിഭാഗം/ എ.ടി.ആർ
7.പി.ആർ.ഒ ./യൂണിവേഴ്സിറ്റി വെബ് സൈറ്റ്/ ഐ.ക്യു.എ.സി
8. എ.സി.സി 2 സെക്ഷൻ
9.കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 40324/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2021 10:31 PM - Page 3